പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 685 28.09.2011 -ൽ മറുപടിക്ക്

## കാലടി ഗ്രാമപഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | അങ്കമാലി കാലടി ഗ്രാമപഞ്ചായത്തിൽ മാണിക്കമംഗലം തോടകം ഭാഗങ്ങളിലെ കിണറുകളിൽ കോളിഫോം ബാക്ടീരിയയുടെയും നൈട്രേറ്റിന്റെയും അളവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ജലവകുപ്പും , കമ്മ്യൂണിക്കേഷൻ ആന്റ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് യൂണിറ്റും ആരോഗ്യ വകുപ്പുമായി സഹകരിച്ച് വാട്ടർ ടെസ്റ്റിംഗ് കിറ്റ് ഉപയോഗിച്ച് കുടിവെള്ള സ്രോതസ്സുകളിൽ ആഗസ്റ്റ് മാസത്തിൽ നടന്ന പരിശോധനയിൽ കാലടി ഗ്രാമപഞ്ചായത്തിൽ 210 സാമ്പിൾ പരിശോധിച്ചു. ഇതിൽ തോടകം മാണിക്യമംഗലം മേഖലയിൽ 107 സാമ്പിൾ പരിശോധിച്ചതിൽ 7 സാമ്പിളുകളിൽ കോളിഫോം സാന്നിദ്ധ്യം കണ്ടെത്തി. നൈട്രേറ്റിന്റെ സാന്നിദ്ധ്യം കൂടുതലായി കണ്ടെത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഇതുമൂലം പടർന്നുപിടിക്കാൻ സാധ്യതയുള്ള പകർച്ച വ്യാധികളും മറ്റ് ആരോഗ്യപ്രശ്നങ്ങളും തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | വയറിളക്കം, മഞ്ഞപ്പിത്തം തുടങ്ങിയ ജലജന്യരോഗങ്ങൾ തടയുന്നതിന് വേണ്ടി പ്രസ്തുത ജലസ്രോതസ്സുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും , ജലജന്യ രോഗങ്ങളുടെ സർവ്വെ നടത്തുകയും ചെയ്തു. ഈ മേഖലകളിൽ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൂടാതെ എറണാകുളം ജില്ലയിൽ 20.09.2011-ൽ നടത്തിയ ക്ലോറിനേഷൻ ദിനാചരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേഷൻ നടത്തുകയും ഉണ്ടായി. |

സെക്ഷൻ ഓഫീസർ